ദേശാഭിമാനി 03 November 2022

# ഗ്രാസ് കാർപ് മീനുകൾ ഇനി കടൂപ്പാടംചിറ വൃത്തിയാക്കും

അങ്കമാലി

പായൽ നിറഞ്ഞ മൂക്കന്നൂർ കടൂപ്പാടംചിറ വൃത്തിയാക്കാൻ ഇനി ഗ്രാസ് കാർപ് മീനുകൾ. സ്വച്ഛഭാരത് ക്യാമ്പയിനിന്റെ ഭാഗമായി എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ (കെവികെ) നേതൃത്വത്തിലാണ് പായൽ ഭക്ഷണമാക്കുന്ന മീനുകളെ ചിറയിൽ നിക്ഷേപിച്ചത്. കടൂപ്പാടംചിറ സംരക്ഷണസമിതി, മത്സ്യക്ലബ് എന്നിവരുമായി സഹകരിച്ചാണിത്. തുടർച്ചയായുള്ള വൃത്തിയാക്കലിനുശേഷം വീണ്ടും കുളങ്ങളിൽ പായൽ നിറയുന്ന സാഹചര്യത്തിലാണ് മീനുകളെ ആശ്രയിച്ചത്. ഒരു ഗ്രാസ് കാർപ് മീൻ അവയുടെ ശരീരഭാരത്തിന്റെ രണ്ടുമുതൽ മൂന്നുമടങ്ങുവരെ പായൽ ഭക്ഷണമാക്കും. ഇവ കുളങ്ങളിൽ പ്രജനനം നടത്താത്ത വിഭാഗത്തിലുള്ളതായതിനാൽ പെറ്റുപെരുകുന്ന പ്രശ്നവുമില്ല. ഒരേക്കർ വലിപ്പമുള്ള, പായൽ നിറഞ്ഞ കുളം വൃത്തിയാക്കുന്നതിന് 20 വലിയ ഗ്രാസ് കാർപ് മീനുകൾ മതിയാകും.